**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 987** **06-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കൊല്ലപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (എ) | 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് വൈൽഡ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 05/04/2018-ലെ സ.ഉ (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരമാണ് നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നത്. |
| (ബി) | മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ 755 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. 6710 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ സർക്കിൾ തിരിച്ച് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | ഇവരിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; നഷ്ടപരിഹാരം അനുവദിക്കാത്ത എത്ര കേസുകളുണ്ടെന്നും അതിന്റെ കാരണവും വ്യക്തമാക്കുമോ; ഇവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. ഫണ്ട് ലഭ്യമാകുന്ന മുറക്ക് നഷ്ടപരിഹാരം അനുവദിച്ച്നല്കുന്നതാണ് |
| (ഡി) | മേൽപ്പറഞ്ഞവരിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ എത്ര പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; നഷ്ടപരിഹാരം അനുവദിക്കാത്ത എത്ര കേസുകളുണ്ടെന്നും അതിന്റെ കാരണവും വ്യക്തമാക്കുമോ; ഇവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. ഫണ്ട് ലഭ്യമാകുന്ന മുറക്ക് നഷ്ടപരിഹാരം അനുവദിച്ച്നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

| സർക്കിൾ | മരണപ്പെട്ടവർ | പരിക്കേറ്റവർ |
|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | 159 | 1440 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 75 | 562 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 111 | 1021 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 243 | 1006 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 140 | 2576 |
| എ.ബി.പി, തിരുവനന്തപുരം | 4 | 11 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 7 | 25 |
| വൈൽഡ് ലൈഫ്, പാലക്കാട് | 16 | 69 |
| ആകെ | **755** | **6710** |

അനുബന്ധം -2

| സർക്കിൾ | നഷ്ടപരിഹാരം അനുവദിച്ച കുടുംബങ്ങളുടെ എണ്ണം | നഷ്ടപരിഹാരം അനുവദിക്കാത്ത കേസുകളുടെ എണ്ണം | നഷ്ടപരിഹാരം അനുവദിക്കാത്തതിന്റെ കാരണം |
|---|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | 138 | 21 | (6 എണ്ണം ഫണ്ടിന്റെ അപര്യാപ്തത, 15 എണ്ണം അവശ്യരേഖകളുടെ അപര്യാപ്തത) |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 60 | 15 | 13 പേർക്ക് നഷ്ടപരിഹാരം ഭാഗീകമായി നൽകിയിട്ടുണ്ട്. ബാക്കി തുക ഫണ്ടിന്റെ ലഭ്യതക്കുറവും അനുബന്ധ രേഖകൾ സമർപ്പിക്കാത്തതിനാലും<br>ഒരു കേസിൽ മരണമടഞ്ഞ ആൾ കേസിൽ പ്രതിയായതിനാലും മറ്റൊരു കേസിൽ അനുബന്ധ രേഖകൾ ഹാജരാക്കത്തതിനാലും |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 101 | 10 | (6 കേസുകളിൽ ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. ഒരു കേസിൽ അപേക്ഷ നിയമോപദേശത്തിനായി ലോ വിംഗിലേക്ക് അയച്ചിട്ടുണ്ട്. ബാക്കി 3 കേസുകളിൽ ഫണ്ടിന്റെ അഭാവത്തിലാണ് തുക നൽകാത്തത്. |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 208 | 57 | ഫണ്ടിന്റെ അഭാവം, അവശ്യരേഖകളുടെ അഭാവം |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 120 | 29 | ഫണ്ടിന്റെ അഭാവം, അവശ്യരേഖകളുടെ അഭാവം. |
| എ.ബി.പി, തിരുവനന്തപുരം | 4 (ഇതിൽ രണ്ടുപേർക്ക് 5 ലക്ഷം രൂപ വച്ച് നൽകാനുണ്ട്) | -- | ബാക്കി തുക നൽകുന്നതിനായി അനന്തരവകാശ സർട്ടിഫിക്കറ്റ് ലഭിക്കേണ്ടതുണ്ട് |
| ഫീൽഡ് ഡയറക്ടർ, | 6 | 1 | ഫണ്ട് ലഭ്യമാകുന്ന മുറക്ക് |

| സർക്കിൾ | നഷ്ടപരിഹാരം അനുവദിച്ച കുടുംബങ്ങളുടെ എണ്ണം | നഷ്ടപരിഹാരം അനുവദിക്കാത്ത കേസുകളുടെ എണ്ണം | നഷ്ടപരിഹാരം അനുവദിക്കാത്തതിന്റെ കാരണം |
|---|---|---|---|
| കോട്ടയം | | | നൽകുന്നതാണ് |
| വൈൽഡ് ലൈഫ്, പാലക്കാട് | 9 | 7 (ഇതിൽ 6 അപേക്ഷകളിൽ ഒന്നാംഗഡു നൽകിയിട്ടുണ്ട്. | അനന്തരവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല, കർണാടക സ്വദേശിയായ ഒരാളെ തിരിച്ചറിയേണ്ടതുണ്ട്. |

## അനുബന്ധം -3

| സർക്കിൾ | വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ എത്രപേർക്ക് നഷ്ട പരിഹാരം അനുവദിച്ചിട്ടുണ്ട് | നഷ്ടപരിഹാരം അനുവദിക്കാത്ത കേസുകളുടെ എണ്ണം | നഷ്ടപരിഹാരം അനുവദിക്കാത്തതിന്റെ കാരണം |
|---|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | 1034 | 406 | ഫണ്ടിന്റെ അപര്യാപ്തത, അവശ്യരേഖകളുടെ അപര്യാപ്തത |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 473 | 89 | ഫണ്ടിന്റെ അപര്യാപ്തത, അവശ്യരേഖകളുടെ അപര്യാപ്തത |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 992 | 29 | ഫണ്ടിന്റെ അപര്യാപ്തത, അവശ്യരേഖകളുടെ അപര്യാപ്തത |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 736 | 270 | ഫണ്ടിന്റെ അഭാവം അവശ്യരേഖകളുടെ അഭാവം, 23 അപേക്ഷകൾ നിരസിച്ചിട്ടുണ്ട് |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 1863 | 713 | അവശ്യരേഖകളുടെ അഭാവം |
| എ.ബി.പി, തിരുവനന്തപുരം | 11 | 0 | |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 25 | 0 | |
| വൈൽഡ് ലൈഫ്, പാലക്കാട് | 20 | 49 | ഫണ്ടിന്റെ അപര്യാപ്തത, അവശ്യരേഖകളുടെ അപര്യാപ്തത |